"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - പോഷൻ അഭിയാൻ - സുപോഷിത് ഗ്രാമ പഞ്ചായത്ത് അഭിയാൻ- ബീഹാർ ടീം പിയർ റിവ്യൂ നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ സുപോഷിത് ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.323/2025/WCDD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. പോഷൺ അഭിയാൻ 2.O മാർഗ്ഗരേഖ
2. GO (Rt) No.334/2023/WCDD തീയതി 12/06/2023
3. F.No.PA/404/2023-CPMU തീയതി 18/11/2024
4. File No.ICDS/8001021-2-24/3214 ,തീയതി 07/05/2025
5. വനിത ശിശു വികസന ഡയറക്ടറുടെ 10/06/2025, 17/06/2025 തീയതിയിലെ DWCD/6760/2024-PSA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതി വിവിധ വകുപ്പുകളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. വനിതകൾ, കൗമാരപ്രായക്കാർ, ശിശുക്കൾ എന്നിവരിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ഭാഗമായി സുപോഷിത് ഗ്രാമ പഞ്ചായത്ത് അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിനു പരാമർശം (3) പ്രകാരം കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിൽ നിന്നും നിർദ്ദേശിച്ചിരുന്നു. പോഷൻ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിനു പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(2) 2025 പോഷൻ മാ വരെ നീണ്ടു നിൽക്കുന്ന പരിപാടിയിൽ സംസ്ഥാനങ്ങളിൽ നിന്നും ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്കാണ് പങ്കെടുക്കാൻ സാധിക്കുന്നത്.

1. അവസാന പാദത്തിൽ എല്ലാ മാസവും 21 ദിവസം അങ്കണവാടികൾ തുറന്ന പഞ്ചായത്ത് (2024 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശരാശരി)

2. അങ്കണവാടികളിൽ കുറഞ്ഞത് 50 ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്ത പഞ്ചായത്ത് (എല്ലാ വിഭാഗത്തിലും- PW, LM, 0-6 വയസ്സ് പ്രായമുള്ള കുട്ടികൾ) (2024 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശരാശരി)

3. 80 ശതമാനം അങ്കണവാടികൾ കുടിവെള്ളമുള്ള പഞ്ചായത്ത്.

4. 70 ശതമാനം ശൗചാലയങ്ങളുള്ള അങ്കണവാടികളുള്ള പഞ്ചായത്ത്.

5. കഴിഞ്ഞ 3 മാസത്തിനുള്ളിൽ (സെപ്റ്റംബർ, ഒക്ടോബർ, നവംബർ 2024 ലെ ശരാശരി) എല്ലാ അങ്കണവാടികളിലും 90% വളർച്ച നിരീക്ഷണം പൂർത്തീകരിച്ച പഞ്ചായത്ത്.

(3) മുകളിൽ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിൽ നിന്നും പോഷൻ ട്രാക്കർ ഡാഷ് ബോർഡിൽ ലഭ്യമായ ലിസ്റ്റിലെ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത്(LGD Code) | ബ്ലോക്ക്((LGD Code)) | ജില്ല(LGD Code) |
|---|---|---|
| അഞ്ചരക്കണ്ടി (221176) | തലശ്ശേരി (5992) | കണ്ണൂർ(557) |
| ആശമന്നൂർ (221056) | കൂവപ്പടി(5964) | എറണാകുളം(555) |
| ഇടവെട്ടി (221170) | തൊടുപുഴ (5983) | ഇടുക്കി (556) |
| കിഴുവില്ലം (221760) | ചിറയിൻകീഴ് (6070) | തിരുവനന്തപുരം(565) |
| പാമ്പാക്കുട (221091) | പാമ്പാക്കുട (5969) | എറണാകുളം(555) |
| രാമമംഗലം (221093) | പാമ്പാക്കുട (5969) | എറണാകുളം(555) |
| തലനാട് (221369) | ഈരാറ്റുപേട്ട (6010) | കോട്ടയം (560) |
| തെക്കുംഭാഗം (221315) | ചവറ (6000) | കൊല്ലം (559) |
| തിരുമാറാടി (221094) | പാമ്പാക്കുട (5969) | എറണാകുളം(555) |
| വാരാപ്പെട്ടി (221071) | കോതമംഗലം (5965) | എറണാകുളം (555) |

(4) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട 10 ഗ്രാമപഞ്ചായത്തുകളെ പോഷൻ ട്രാക്കർ ഡാഷ് ബോർഡ് പ്രകാരം നോമിനേഷൻ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ടി ഗ്രാമപഞ്ചായത്തുകളെ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത 10 ഗ്രാമപഞ്ചായത്തുകൾ റിവ്യൂ ചെയ്യുന്നതിന് പരാമർശം (4) പ്രകാരം ബീഹാർ സംസ്ഥാനത്തിൽ നിന്നും പിയർ റിവ്യൂ നടത്തുന്നതിനായി 6 ടീമുകളെ നിയോഗിച്ചിട്ടുണ്ടെന്നും പ്രസ്തുത ടീമിന് കേരളത്തിൽ എറണാകുളം, ഇടുക്കി, കണ്ണൂർ, തിരുവനന്തപുരം, കോട്ടയം, കൊല്ലം ജില്ലകൾ സന്ദർശിച്ച് അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് അനുമതി നൽകണമെന്നും, പ്രസ്തുത അംഗങ്ങൾക്ക് ടി പ്രദേശങ്ങളിൽ യാത്ര ചെയ്യുന്നതിനായി അതതു ജില്ലയിലെ വകുപ്പിന്റെ ഔദ്യോഗിക വാഹന സൗകര്യം ഒരുക്കുന്നതിനു അനുമതി നൽകണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുപോഷിത് ഗ്രാമപഞ്ചായത്ത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ബീഹാർ ടീം പിയർ റിവ്യൂ നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട സുപോഷിത് ഗ്രാമപഞ്ചായത്തുകളിലെ സംസ്ഥാനത്തെ 10 അങ്കണവാടികൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതിനായി അനുമതി നൽകിയും, പ്രസ്തുത അംഗങ്ങൾക്ക് അതതു പ്രദേശങ്ങളിൽ യാത്ര ചെയ്യുന്നതിനായി ജില്ലയിലെ വകുപ്പിന്റെ ഔദ്യോഗിക വാഹനസൗകര്യം ഒരുക്കുന്നതിനു അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 15-07-2025 17:24:41